(ബി) സഹകരണ മേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്ത തിരുവനന്തപുരം ജില്ലയിൽ അത്തരത്തിലൊരു സ്ഥാപനം ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) സഹകരണ മേഖലയിൽ സംസ്ഥാനത്ത് പരിയാരം മെഡിക്കൽകോളേജും കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിൽ അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളും കൊച്ചിയിൽ ഒരു മെഡിക്കൽകോളേജും ആരംഭിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരത്ത് വലിയതുറയിൽ CAPE-ന്റെ കീഴിൽ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളിലെ നിക്ഷേപം

152 [3678] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം പ്രാഥമികം മുതൽ സ്റ്റേറ്റ് സഹകരണ ബാങ്കുവരെയുള്ള നിക്ഷേപം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്കുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതു കൂടുതലാണോ കുറവാണോ; വ്യത്യാസം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം പ്രാഥമികം മുതൽ സ്റ്റേറ്റ് സഹകരണ ബാങ്കുവരെയുള്ള നിക്ഷേപം ഉദ്ദേശം 17,69,742 ലക്ഷം രൂപയാണ്.

(ബി) 17-3-2005 വരെയുള്ള കണക്കനുസരിച്ച് കൂടുതലാണ്. വ്യത്യാസം 5874 ലക്ഷം രൂപയാണ്.

പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

153 [3679] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിനായി കമ്മിറ്റി/സമിതി രൂപീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണവും അംഗങ്ങൾ ആരെല്ലാമാണെന്നും അറിയിക്കാമോ;

(ഡി) കമ്മിറ്റിയുടെ കാലാവധി എത്രമാസമാണെന്ന് വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ റിപ്പോർട്ടിൻമേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ലഭ്യമായ കണക്കുകൾ അനുസരിച്ച് പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ എണ്ണം 21356 ആണ്.

(ബി) ഉണ്ട്.

(സി) ശമ്പള പരിഷ്ക്കരണ കമ്മിറ്റിയിൽ നിലവിൽ താഴെപ്പറയുന്ന 9 അംഗങ്ങളുണ്ട്.

1. സഹകരണവകുപ്പ് സെക്രട്ടറി—ചെയർമാൻ
2. സഹകരണ സംഘം രജിസ്ട്രാർ—കൺവീനർ
3. പ്രസിഡന്റ്/സെക്രട്ടറി കേരള സഹകരണ വർക്കേഴ്സ് ഫെഡറേഷൻ
4. പ്രസിഡന്റ്/സെക്രട്ടറി കേരള സഹകരണ എംപ്ലോയീസ് യൂണിയൻ
5. പ്രസിഡന്റ്/സെക്രട്ടറി കേരള സഹകരണ എംപ്ലോയീസ് ഫണ്ട്
6. പ്രസിഡന്റ്/സെക്രട്ടറി കേരള സഹകരണ എംപ്ലോയീസ് ഓർഗനൈസേഷൻ.
7. പ്രസിഡന്റ്/സെക്രട്ടറി കേരള സഹകരണ എംപ്ലോയീസ് കൗൺസിൽ
8. ശ്രീ. സി.എ. അജീർ, പ്രസിഡന്റ് കണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക്
9. ശ്രീ. ടി. കെ. കുര്യാക്കോസ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 6 മാസം.

(ഇ) ഇല്ല.

(എഫ്) ചോദ്യം ബാധകമല്ല.

സഹകരണ സംഘങ്ങളിലെ പ്രസിഡന്റുമാരുടെ ഓണറേറിയം

154 [3680] *ശ്രീ. സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ എന്നിവയിലെ പ്രസിഡന്റുമാരുടെ നിലവിലുള്ള ഓണറേറിയം, ഡയറക്ടർമാരുടെ സിറ്റിംഗ് ഫീസ് എന്നിവ എത്ര വീതമാണെന്നും ഇത് എന്നുമുതലാണ് പ്രാബല്യത്തിലായതെന്നും വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ എന്നിവയിലെ പ്രസിഡന്റുമാരുടെ നിലവിലുള്ള ഓണറേറിയം, ഡയറക്ടർമാരുടെ സിറ്റിംഗ് ഫീസ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്ന† സർക്കുലർ നമ്പർ 1/2005-ൽ പ്രതിപാദിച്ചിട്ടുണ്ട്. ടി സർക്കുലറിന് 1-1-2005 മുതൽ പ്രാബല്യമുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനം

155 [3681] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ ലാഭം/നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ബാങ്കിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ കൊടുക്കൽ വാങ്ങൽ എത്രയാണ്;

(സി) ബാങ്കിന് ഇപ്പോൾ എന്ത് തുക പിരിഞ്ഞു കിട്ടാനുണ്ട്;

(ഡി) കുടിശ്ശിക എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ?

---

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly